## ~~A.~~ യാത്രാനുമതി സംബന്ധിച്ച നിർദ്ദേശങ്ങൾ

### A മറ്റ് ജില്ലകളിലേക്കുള്ള യാത്രകൾക്കുള്ള പാസ്സ് സംബന്ധിച്ച നിർദ്ദേശങ്ങൾ

വയനാട് ജില്ലയിൽ നിന്നും മറ്റ് ജില്ലകളിലേക്ക് അടിയന്തിര ആവശ്യങ്ങൾക്കായി യാത്ര ചെയ്യേണ്ടവർ, മറ്റ് ജില്ലകളിൽ കുടുങ്ങിക്കിടക്കുന്ന ജില്ലയിലുള്ളവർക്ക് ജില്ലയിലേക്ക് എത്തുന്നതിനുമായി താഴെപ്പറയുന്ന പ്രകാരം പാസ്സുകൾ അനുവദിക്കുന്നതാണ്.

1) മറ്റ് ജില്ലകളിൽ കുടുങ്ങിക്കിടക്കുന്ന ആളുകൾക്ക് കുട്ടികൾ/ഭാര്യ/ഭർത്താവ്/ മാതാപിതാക്കൾ എന്നിവരെ കൂട്ടികൊണ്ടുവരുന്നതിന് മറ്റ് ജില്ലകളിലേക്കുള്ള പാസ് നൽകുന്നതാണ്. ഇതിനായി covid19jagratha.kerala.nic.in എന്ന പോർട്ടലിൽ Public Services എന്നതിൽ Emergency Travel Pass എന്ന ഓപ്ഷൻ എടുത്ത് അപേക്ഷ നൽകേണ്ടതും, ആയത് പ്രകാരം ലഭ്യമാകുന്ന പാസ്സ് ഉപയോഗിച്ച് യാത്ര ചെയ്യേണ്ടതുമാണ്.
2) വയനാട് ജില്ലയിൽ കുടുങ്ങി കിടക്കുന്നവർ മറ്റ് ജില്ലയിലേക്ക് യാത്ര ചെയ്യുന്നതിനായി ഏത് ജില്ലയിലേക്കാണോ യാത്ര ചെയ്യേണ്ടത് ആ ജില്ലയിൽ നിന്നും പാസ്സ് ലഭ്യമാക്കി യാത്ര ചെയ്യാവുന്നതാണ്.
3) മറ്റ് ജില്ലകളിൽ കുടുങ്ങിക്കിടക്കുന്നവർക്ക് covid19jagratha.kerala.nic.in എന്ന പോർട്ടലിൽ Public Services ൽ Emergency Travel Pass എന്ന ഓപ്ഷനിൽ പാസ്സിനായി അപേക്ഷിക്കാവുന്നതും, പാസ്സ് ലഭ്യമായ ശേഷം യാത്ര ചെയ്യാവുന്നതുമാണ്.